# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

സെന്റ് ജോസഫ്സ് യു.പി.എസ്
പേരയം, പാലുവള്ളി

# ഉള്ളടക്കം


* ആമുഖം
* ദർശനം
* ലക്ഷ്യങ്ങൾ
* കാഴ്ചപ്പാട്
* നിലവിലെ അവസ്ഥാവിശകലനം
* പാഠ്യപദ്ധതി വിനിമയം
* ഭൗതികസാഹചര്യം
* സാമൂഹ്യ ഇടപെടലുകൾ
* വിഷയാടിസ്ഥാനത്തിൽ
* പദ്ധതി വിശദാംശങ്ങൾ
* ഉപസംഹാരം

# ആമുഖം

വിദ്യാഭ്യാസ മേഖലയിലെ ദൈനംദിന മാറ്റങ്ങൾ ഉൾക്കൊണ്ട് കുട്ടികൾക്ക് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും ആർജിച്ച് തങ്ങളുടെ സമൂഹത്തെ മുന്നോട്ട് നയിക്കാൻ ഓരോരുത്തരെയും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന വാർഷിക പാഠ്യപദ്ധതികൾ സഹായകമാകും വിധത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിന് ഊന്നൽ നൽകുന്ന നൂതനപ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ട് ഓരോ ക്ലാസ്സ്റൂമും മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു. പഠനപിന്നാക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ മുന്നിൽ കണ്ട് കൊണ്ടുള്ള പഠന പ്രവർത്തന ആസൂത്രണങ്ങളാണ് ഇതുവഴി ലക്ഷ്യം വയ്ക്കുന്നത്.

അദ്ധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക-സന്നദ്ധ സംഘടനാ പ്രവർത്തകർ, വിവിധ സർക്കാർ-സർക്കാരിതര ഏജൻസികൾ എന്നിവരുടെ പങ്കാളിത്തത്തോടെ ഇന്നു പദ്ധതികൾക്ക് രൂപം നൽകുന്നു.

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള ആദായ പരിശ്രമങ്ങൾക്ക് PTA യും പഞ്ചായത്തും നൽകുന്ന സേവനങ്ങൾ വളരെയേറെയാണ്. കുട്ടികളുടെ സർഗ്ഗവാസനകൾക്ക് ചിറകുമുളക്കുമ്പോൾ വിദ്യാലയാന്തരീക്ഷം മാനസികോല്ലാസത്തിന്റെയും വിജ്ഞാനത്തിന്റെയും കളിത്തൊട്ടിലാകുന്നു. അത്തരമൊരു കാഴ്ചപ്പാടോടെ സെന്റ് ജോസഫ്സ് യു.പി. സ്കൂൾ മുന്നോട്ടു വയ്ക്കുന്നത്.

# ദർശനം

"കേരളത്തിലെ ഓരോ വിദ്യാർഥിക്കും തുല്യതയോടെ അതാത് തലങ്ങളിലൂടെ പാഠഭാഗങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാകാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്ന".

# ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
* വിദ്യാലയങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
* വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

* സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി
വിദ്യാലയത്തിലെ ദിനങ്ങൾ ശുചീകരണങ്ങൾ,
ഉദ്യാനം, മൈതാനം എന്നിവ വിദ്യാർഥി സൗഹൃദമായി
ആസൂത്രണം ചെയ്യുകയും വിദ്യാർഥികളോടൊപ്പം
സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.

* ഓരോ അധ്യാപികയും ആധുനിക സാങ്കേതിക
വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ
പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം
ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു.

* വിദ്യാർഥികളും വിദ്യാർഥികളും, അധ്യാപകരും
അധ്യാപകരും, വിദ്യാർഥികളും അധ്യാപകരും,
അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ
ബന്ധങ്ങൾ ഉണ്ടാകാനുതകുന്ന പ്രവർത്തനങ്ങൾ
സംഘടിപ്പിക്കുന്നു.

* ഓരോ വിദ്യാർഥിയെയും ഒരു വ്യക്തിയായി
കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം
സാധ്യമാക്കുന്നതരത്തിൽ വിദ്യാലയത്തെ
സജ്ജമാക്കുന്നു.

* പാഠ്യപ്രവർത്തനത്തിലൂടെ പ്രത്യേക
പരിഗണന അർഹിക്കുന്നവരായ കുട്ടികളുടെ
ശാരീരിക പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതരത്തിൽ
പ്രത്യേക പാഠങ്ങൾ ആസൂത്രണം ചെയ്യുന്നു

# കാഴ്ചപ്പാട്

ഭാവിയിൽ എന്റെ സ്കൂൾ എങ്ങനെയുള്ളതായിരിക്കണം എന്ന കാഴ്ചപ്പാടുകളുൾക്കൊണ്ട പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്. മാസ്റ്റർ പ്ലാൻ രൂപീകരണ പ്രക്രിയയിൽ ഹെഡ്മിസ്ട്രസ്, സീനിയർ അസിസ്റ്റന്റ്, എസ്.ആർ.ജി. കൺവീനർ, പി.ടി.എ/എം.പി.ടി.എ പ്രസിഡന്റുമാർ എന്നിവർ ഒരുമിച്ചിരുന്ന് വിദ്യാലയ അക്കാദമിക മാസ്റ്റർ പ്ലാൻ സംബന്ധിച്ച് ചർച്ച നടത്തുകയും ഒരു പൊതുധാരണയിൽ എത്തുകയും ചെയ്തു.

## പ്രധാന കാര്യങ്ങൾ / തീരുമാനങ്ങൾ

* കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അവർക്കാവശ്യമായ പ്രോത്സാഹനങ്ങൾ നൽകണം.
* നമ്മുടെ സ്കൂളിനെ ഒരു മാതൃകാ വിദ്യാലയമാക്കണം.
* പൂർവ്വ വിദ്യാർത്ഥി സംഗമത്തിലൂടെ സ്കൂളിനാവശ്യമായ പിന്തുണ ഉറപ്പാക്കണം.
* വിദ്യാലയ വികസന സമിതി, പൂർവ്വ

വിദ്യാർത്ഥി കൂട്ടായ്മ, പ്രാദേശിക വിഭവങ്ങൾ, സർക്കാർ തല സഹായങ്ങൾ, പൂർവ്വ അധ്യാപകരുടെ സഹായങ്ങൾ, സ്പോൺസർഷിപ്പുകൾ, പഞ്ചായത്ത് അധികൃതർ നൽകുന്ന സഹായങ്ങൾ എന്നിവയിലൂടെ നമ്മുടെ സ്കൂളിനെ ഒരു മാതൃകാ വിദ്യാലയമാക്കാൻ കഴിയും എന്ന ഒരു പൊതുധാരണയിൽ എത്തി.

# നിലവിലെ അവസ്ഥാവിശകലനം

പാഠ്യപദ്ധതി വിനിമയവുമായി ബന്ധപ്പെട്ട് online ആയും offline ആയിട്ടും കുട്ടികളെ ഒരുക്കുകയും അവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകി അവരെ പഠനത്തിലേയ്ക്ക് കൊണ്ട് വന്നു.

* സംസ്കൃത സ്കോളർഷിപ്പിന് കുട്ടികളെ പങ്കെടുപ്പിക്കുകയും ഉന്നതവിജയം കൈവരിക്കുകയും ചെയ്തു.
* അക്ഷരമുറ്റം, തളിര് സ്കോളർഷിപ്പുകളിൽ ഉന്നത വിജയം കൈവരിച്ചു.
* LSS_USS സ്കോളർഷിപ്പിന് ഉന്നത വിജയം കൈവരിച്ചു.
* ശാസ്ത്ര രംഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും നല്ല പ്രകടനങ്ങൾ കാഴ്ചവയ്ക്കാൻ അവർക്ക് സാധിക്കുകയും ചെയ്തു.
* വായനാ ചങ്ങാത്തം വളരെ മനോഹരമായി സംഘടിപ്പിക്കുകയും കുട്ടികളെ അക്ഷരങ്ങളുടെ ചങ്ങാതിമാരാക്കാനും സാധിച്ചു.

* ഉല്ലാസ ഗണിതത്തിലൂടെ കുട്ടികളെ ഗണിതത്തിൽ കൂടുതൽ താല്പര്യമുള്ളവരാക്കി മാറ്റി.
* ഇംഗ്ലീഷ് ഫെസ്റ്റ് സ്കൂൾ തലത്തിൽ സംഘടിപ്പിച്ചു.
* ദിനാചരണങ്ങൾ online ആയിട്ടും offline ആയിട്ടും വളരെ മനോഹരമായി ആചരിച്ചു.
* അനുയോജ്യമായ സ്കൂൾ അന്തരീക്ഷം
* കോൺക്രീറ്റ് കെട്ടിടങ്ങൾ
* മികച്ച കമ്പ്യൂട്ടർ ലാബ്
* സ്മാർട്ട് ക്ലാസ്സ് റൂം.
* സയൻസ് പാർക്ക്
* ചിൽഡ്രൻസ് പാർക്ക്.

# പാഠ്യപദ്ധതി വിനിമയം

**ഭാഷ** : മലയാളം, ഇംഗ്ലീഷ്

മേഖല - വായന (എൽ.പി. തലം)

| | | |
|---|---|---|
| ആശയവ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു | വായിക്കാൻ ശ്രമിക്കുന്നു |
| 45% | 25% | 30% |

**ഗണിതം**

മേഖല - പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു

| | | |
|---|---|---|
| കുട്ടി സ്വയം അപഗ്രഥിച്ച് പ്രശ്നം പരിഹരിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു | പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു |
| 40% | 30% | 30% |

**ശാസ്ത്രം**

മേഖല - പരീക്ഷണത്തിൽ ഏർപ്പെടുന്നു

| | | |
|---|---|---|
| സ്വതന്ത്രമായി ആസൂത്രണം ചെയ്ത് അനുയോജ്യമായ ഉപകരണങ്ങൾ തിരഞ്ഞെടുത്ത് പരീക്ഷണം നടത്തി നിഗമനത്തിലെത്തുന്നു | പരീക്ഷണത്തിൽ ഏർപ്പെടുന്നു. ശരിയായ നിഗമനത്തിൽ എത്താൻ കഴിയുന്നില്ല | അധ്യാപകന്റെ സഹായത്തോടെ പരീക്ഷണം ചെയ്യുന്നു. |
| 50% | 20% | 30% |

## സാമൂഹ്യശാസ്ത്രം

| മേഖല - ചരിത്രാന്വേഷണം | | |
|---|---|---|
| ചരിത്രാന്വേഷണവുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ ദത്തങ്ങൾ സ്വയം ശേഖരിച്ച് അപഗ്രഥിച്ച് നിഗമനത്തിലെത്തി ചരിത്ര രചന പൂർത്തിയാക്കുന്നു | ദത്തങ്ങൾ ശേഖരിക്കുന്ന പൂർണമായി അപഗ്രഥിച്ച് ചരിത്ര രചന ഭാഗികമായി നടത്തുന്നു. | അധ്യാപികയുടെ സഹായത്തോടെ ചരിത്രരചന നിർവഹിക്കുന്നു. |
| 40% | 30% | 30% |

**ഭാഷ** : മലയാളം ഇംഗ്ലീഷ്, ഹിന്ദി

| മേഖല - വായന (യു.പി തലം) | | |
|---|---|---|
| ആശയവ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു | വായിക്കാൻ ശ്രമിക്കുന്നു |
| 40% | 25% | 35% |

| മേഖല - എഴുത്ത് (യു.പി.തലം) | | |
|---|---|---|
| സ്വതന്ത്രവായനയും എഴുത്തും | അധ്യാപകന്റെ സഹായത്തോടെ എഴുതുന്നു | എഴുതാൻ ശ്രമിക്കുന്നു |
| 60% | 20% | 20% |

കലാ-കായികം

മേഖല : ആരോഗ്യം

| കുട്ടികളുടെ സ്വയം പ്രതിരോധ പരിശീലനങ്ങൾ: ശുചിത്വം_പോഷകാഹാരം, വ്യായാമം | അധ്യാപകരുടെ സഹായത്തോടെ | മറ്റുള്ളവരുടെ സഹായത്തോടെ |
|---|---|---|
| 60% | 30% | 10 |

# ഭൗതികസാഹചര്യം

* പരിസ്ഥിതി സൗഹൃദ - വിദ്യാർഥി സൗഹൃദ
സ്കൂൾ - ക്ലാസ് അന്തരീക്ഷം
* വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട
ലബോറട്ടറികൾ
* ഓരോ ക്ലാസിനും അനുയോജ്യമായ ലൈബ്രറികൾ
* കളിസ്ഥലവും കളിയുപകരണങ്ങളും
* മതിയായ എണ്ണം ശുചിമുറികൾ, ജെൻഡർ ഫ്രണ്ട്ലി
ടോയ്‌ലറ്റുകൾ, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ.
* ശുദ്ധജലലഭ്യത
* വിദ്യാർഥിസൗഹൃദ, ഭിന്നശേഷി സൗഹൃദഫർണിച്ചർ
* ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം
ചെയ്യുന്നതിനും ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ
സൗകര്യങ്ങൾ
* ഗതാഗതസൗകര്യം

# സാമൂഹ്യ ഇടപെടലുകൾ

* പി.ടി.എ
* മദർ പി.ടി.എ
* തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
* പൂർവ വിദ്യാർഥികൾ
* വിദ്യാലയ വികസനസമിതി
* വിവിധ വകുപ്പുകൾ
* സന്നദ്ധസംഘടനകൾ
* പ്രാദേശിക വിദഗ്ധർ

# വിഷയാടിസ്ഥാനത്തിൽ

അക്കാദമിക പ്രവർത്തനങ്ങൾ അവ-
പ്പെടുത്തുമ്പോൾ കുട്ടികൾക്ക് പ്രയോജനപ്രദ-
മായതും അധ്യാപകർക്കും മറ്റ് അംഗങ്ങൾക്കും
സാധ്യമാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾക്കും
പ്രാധാന്യം നൽകുന്ന. സ്കൂൾതലത്തിലും
സൂക്ഷ്മതലത്തിലും പ്രവർത്തനാസൂത്രണം
നടത്തണം. സൂക്ഷ്മതലത്തിലുള്ള ആസൂത്രണം
വിഷയബന്ധിതമായും സ്കൂൾതലത്തിലുള്ളവ
സ്കൂളിനെ കേന്ദ്രീകരിച്ചും ഉള്ളവയാണ്. വിഷയ
ബന്ധിതമായ പ്രവർത്തനങ്ങൾ തയ്യാറാക്കുമ്പോൾ
പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും
മുൻഗണന നൽകിയുള്ളവയ്ക്ക് പ്രാമുഖ്യം
നൽകണം.

## വിഷയം : മാതൃഭാഷ

ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്ന - എഴുതുന്ന എന്ന് ഉറപ്പുവരുത്തൽ.
* വായനായ വായന, ആശയഗ്രഹണ വായന ആഴത്തിലുള്ള വായന, മനോവായന.. തുടങ്ങിയ തരത്തിൽ ചിട്ടപ്പെടുത്തുന്ന.

* വായിച്ച കാര്യങ്ങൾ പറയാനും, എഴുതാനും
കുട്ടികളിൽ കഴിവുണ്ടാകുന്നു.

* കുട്ടികളിൽ അക്ഷരത്തെറ്റ് പൂർണ്ണമായി
ഒഴിവാകുന്നു.

* കുട്ടികളിൽ സാഹിത്യാഭിരുചി വളർന്നുവരുന്നു.

* കഥ പറച്ചിൽ, നാടകാഭിനയം, നാടകരചന, സംഭാഷണം, കത്ത്, നിവേദനം, വിജ്ഞാപനം, കവിത, പദകേളി, പദസൂര്യൻ, പഴഞ്ചൊല്ല്, കടങ്കഥ, നാടൻപാട്ട്, അക്ഷരശ്ലോകം... എന്നിവയ്ക്കെല്ലാം പ്രാധാന്യം നൽകണം.

* സർഗ്ഗാത്മകരചനയ്ക്കുള്ള അവസരം സൃഷ്ടിക്കണം.

* ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താം.

* ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

പ്രവർത്തനങ്ങൾ തയ്യാറാക്കുമ്പോൾ
3 തരത്തിൽ ഇവ തയ്യാറാക്കാം

* ഹ്രസ്വകാലം
* മധ്യമകാലം
* ദീർഘകാലം എന്നിവയാണ്.

ഹ്രസ്വകാല പ്രവർത്തനങ്ങൾ

* മൗനവായന
* ഉച്ചത്തിലുള്ള വായന
* ആശയഗ്രഹണ വായന
* അർത്ഥപൂർണ്ണമായ വായന

മധ്യമകാല പ്രവർത്തനങ്ങളിൽ വരുന്നവ

* ശാസ്ത്രം
* സാമൂഹിക ശാസ്ത്രം
* ഗണിതം
* IT
* ആരോഗ്യകായിക വിദ്യാഭ്യാസം.

ദീർഘകാല പ്രവർത്തനങ്ങളിൽ വരുന്നവ

ഒരു വിഷയത്തിൽ കൂടുതൽ വരുന്നവ എല്ലാം ദീർഘകാലപദ്ധതികളിൽ വരുന്നു.

ഗണിതത്തിൽ പ്രാധാന്യം നൽകുന്ന മേഖലകൾ

* സങ്കലനം
* വ്യവകലനം
* ഗുണനം
* ഹരണം

നിത്യജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം കുട്ടികളിൽ വളർത്തുന്ന തരത്തിൽ ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

* മനക്കണക്കിന് പ്രാധാന്യം നൽകുന്നു.

* പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കുട്ടിയെ പ്രാപ്തനാക്കണം.

* ഗണിതപ്രവർത്തനങ്ങളിൽ ഓരോ കുട്ടിയും ഒരു ഗണിതജ്ഞനാണ് എന്ന പരിഗണനയിൽ തന്നെ പ്രവർത്തനങ്ങൾ തയ്യാറാക്കണം.

* 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിൽ ഉള്ള എല്ലാ കുട്ടികൾക്കും ഗണിതത്തിലെ ചതുഷ്ക്രിയകൾ അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്ന തരത്തിൽ പ്രവർത്തനങ്ങൾ തയ്യാറാക്കണം.

* രണ്ടു വർഷത്തിനുള്ളിൽ നമ്മുടെ സ്കൂളിലെ എല്ലാ കുട്ടികളിലും ഗണിതശേഷികൾ കൈവരിക്കാൻ കഴിയണം എന്ന ലക്ഷ്യം മുന്നിൽ വച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്.

# അക്ഷരജ്യോതിസ്സ്

പഠനപിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പിന്തുണ നൽകികൊണ്ട് മലയാള ഭാഷ ആത്യന്തയോടും വ്യക്തമായും എഴുതുവാനും വായിക്കാനും കഴിവുള്ളവരായി മാറുകയും ഓരോ കുട്ടിയെയും വായനയുടെ പുതിയ തലങ്ങളിലേക്ക് നയിക്കുകയും ചെയ്യുന്നതിനായി "അക്ഷരജ്യോതിസ്സ്" എന്ന പേരിൽ പ്രീടെസ്റ്റിൽ മാർക്ക് കുറഞ്ഞ കുട്ടികൾക്കായി അധ്യാപകരുടെയും സാങ്കേതിക വിദ്യയുടെയും സഹായത്തോടെ ക്ലാസ്സുകൾ നടത്താൻ തീരുമാനിച്ചു ഉച്ചക്കുള്ള ഒഴിവു സമയങ്ങളിൽ അവരെ ഒരുമിച്ചു കൂട്ടാമെന്നും 4 ഘട്ടങ്ങളിലൂടെ പഠന പ്രവർത്തനങ്ങൾ നടത്താം എന്നും തീരുമാനിച്ചു.

ഘട്ടം 1 ⇒ അക്ഷരം ഉറപ്പിക്കൽ [June 6 - July 10]

ഘട്ടം 2 ⇒ ചിഹ്നങ്ങളും അടയാളങ്ങളും ഉറപ്പിക്കൽ [July 11 - August 31]

ഘട്ടം 3 ⇒ വാക്യങ്ങളിൽ നിന്ന് വാക്കുകളിലേക്ക് [September 2 - September 31]

ഘട്ടം 4 ⇒ പുസ്തക വായന [October 1 - November 30]

ശാസ്ത്രം സാമൂഹികശാസ്ത്രം തുടങ്ങിയ

വിഷയങ്ങളിൽ കുട്ടികൾ നേടേണ്ടത്

* ശാസ്ത്രവിഷയത്തിൽ ഓരോ കുട്ടിയും ഓരോ കുട്ടിശാസ്ത്രജ്ഞന്മാർ എന്ന രീതിയിൽ ഉള്ള പ്രവർത്തനങ്ങൾ തയ്യാറാക്കണം.
* ശാസ്ത്രത്തിൽ ഓരോ പ്രവർത്തനവും കുട്ടിക്ക് അന്വേഷണ തൃഷ്ണത ഉണ്ടാക്കുന്നവയായിരിക്കണം.
* നാസയിലേക്കുള്ള യാത്രയിൽ നമ്മുടെ കുട്ടിയും ഉണ്ടാകണം എന്ന ലക്ഷ്യത്തോടു കൂടിയുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കണം.
* ഒരു ഭയവും കൂടാതെ ആസിഡുകൾ, ആൽക്കലികൾ, ശാസ്ത്ര ഉപകരണങ്ങൾ എന്നിവ കൈകാര്യം ചെയ്യാൻ കുട്ടിയെ പ്രാപ്തനാക്കണം.
* മൈക്രോസ്കോപ്പിന്റെ ഉപയോഗം കുട്ടിക്കു പരിചിതമായിരിക്കണം.
* LP തലത്തിൽ നിന്നും UP തലത്തിൽ എത്തുന്ന ഒരു കുട്ടി അവന്റെ ശാസ്ത്ര മികവുകൾ ലോകത്തിന് കാട്ടിക്കൊടുക്കാൻ കഴിവുള്ളവനാകണം എന്ന കാഴ്ചപ്പാടോടുകൂടി പ്രവർത്തനങ്ങൾ തയ്യാറാക്കണം.

* സാമൂഹ്യശാസ്ത്രത്തിൽ കുട്ടിക്ക് കേരളം, ഇന്ത്യ, ലോക ഭൂപടം എന്നിവ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കണം.

* ഗ്ലോബിന്റെ ഉപയോഗം, അറ്റ്ലസിന്റെ ഉപയോഗം എന്നിവ കുട്ടികളിൽ എത്തിക്കണം.

* ലോക വൻകരകളെക്കുറിച്ച് കുട്ടി അറിഞ്ഞിരിക്കണം.

## English, Hindi വിഷയങ്ങളിൽ

## വരേണ്ട കാര്യങ്ങൾ

English വായന, എഴുത്ത്, സംസാരം എന്നിവക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകണം.

* English സംസാരിക്കാനുള്ള ശേഷി വർധിപ്പിക്കണം.

* English തെറ്റില്ലാതെ വായിക്കാനും, എഴുതാനും, സംസാരിക്കാനും ഒരു നിശ്ചിത കാലത്തിനുള്ളിൽ കഴിയുന്ന തരത്തിൽ ഉള്ള പ്രവർത്തനങ്ങൾ തയ്യാറാക്കണം.

* ഹിന്ദിയിലും കുട്ടികൾക്ക് തെറ്റില്ലാതെ വായിക്കാനും എഴുതാനും തെറ്റില്ലാതെ ഹിന്ദിയിൽ സംസാരിക്കാനും കഴിയുന്ന തരത്തിൽ പ്രവർത്തനങ്ങളും തയ്യാറാക്കണം.

* ഇംഗ്ലീഷിലും ഹിന്ദിയിലും വിവിധ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ കഴിയണം.

* English story book, കവിത എന്നിവയിൽ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കണം.

* Library ൽ നിന്നും English book കൾ എടുത്ത് വായിക്കാൻ കുട്ടികൾക്ക് താൽപര്യം സൃഷ്ടിക്കണം.

* English Newspaper വായന വളർത്തണം.

* Hindi club, Hindi newspaper എന്നിവ സജ്ജമാക്കണം.

മേഖല : അക്കാദമികം ക്ലാസ് – 1,2,3,4 ഉപമേഖല : മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | വായന, എഴുത്ത് എന്നിവയിൽ പ്രാവീണ്യം നേടുക. | എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേകം പരിശീലനം നൽകൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ | | |
| 2. | മികച്ച വായനാ ശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ പി.ടി.എ മലയാള ടീച്ചർ | 5000 | |
| 3. | മികച്ച വായനാ ശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 5000 | |
| 4. | അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |

മേഖല : അക്കാദമികം ക്ലാസ് - 1, 2, 3, 4 ഉപമേഖല : മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 5. | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 | |
| 6. | എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാക്കുറിപ്പിനുള്ള പുരസ്കാരം സ്കൂൾ നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 | |

മേഖല: അക്കാദമികം ക്ലാസ് - 1,2,3,4 ഉപമേഖല : മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 7. | കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർ പത്രിക, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓണം ടേമിലും മാഗസിൻ വർഷത്തിൽ ഒന്ന് | വിദ്യാരംഗം ഭാഷാ ക്ലബ്ബ് | 5000 | |
| 8. | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയ വിശേഷങ്ങൾ ക്ലാസ് തല പ്രവർത്തന പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 | |
| 9. | ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിശീലനം | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ്സ് ടീച്ചർ | 3000 | |

Region : Academic Class - 1,2,3,4 Sub-region - English

| Sl.No. | Aim | Activities | Duration | Responsibility | Expense | Remark |
|---|---|---|---|---|---|---|
| 1. | To speak, Read and write English without any mistakes | To check the vocabulary and writing skills of pupils. | June to March | Class Teacher | | |
| 2. | To develop listening skills | Games, Action Songs.<br>• Hello English Activities.<br>• Conversations.<br>• Skit Stories.<br>• Use ICT | June to August | Class Teacher | | |
| 3. | To develop Speaking skills | • Identify the action words from the picture.<br>• Make the simple Sentences using the word about picture<br>• Make simple description about the picture. | September & october | | | |

Region - Academic    Class - 1, 2, 3, 4    Sub-region – English

| Sl. No. | Aim | Activities | Duration | Responsibility | Expense | Remark |
|---|---|---|---|---|---|---|
| 4. | To develop Reading skills | • Books reading<br>• Find words<br>• Collect and read past tense<br>• Rhyming words.<br>• TB activities. | June to March | Teacher | | |
| 5. | To develop writing skills. | • Diary<br>• Descriptions.<br>• Thoughts.<br>• Announcements<br>• make word web<br>• make words & sentences<br>• make riddles<br>• Conversations<br>• Add more lines. | June to March | English Teacher | | |

Region- Academic Class - 1, 2, 3, 4 Sub-region - English

| Sl.No. | Aim | Activities | Duration | Responsibility | Expense | Remarks |
|---|---|---|---|---|---|---|
| 6. | Giving opportunities for expressions in English | One day a week the children themselves present the entire program in English in the assembly. | One day a week | English Club. | | |
| 7. | provide opportunities for expressions in English | Prepare a bullet in English on any topic every month | Every month | class Teacher | | |
| 8. | Enable children to express themselves in English | Making English reading cards with parents. | June & July | English Club. | 1000 | |

മേഖല : അക്കാദമികം ക്ലാസ് - 1, 2, 3, 4 ഉപമേഖല : പരിസരപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ശാസ്ത്ര പോഷിയ ശേഷികൾ വികസിക്കുക. | ഓരോ ക്ലാസിലും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ സംഘടിപ്പിക്കുക. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 | |
| 2. | ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്ന വിധത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | | |

മേഖല : അക്കാദമികം ക്ലാസ് 1, 2, 3, 4 ഉപമേഖല : പരിസരപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 3. | ശാസ്ത്ര പ്രക്രിയാ ശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും (3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 | |

മേഖല : അക്കാദമികം   ക്ലാസ് - 1, 2, 3, 4   ഉപമേഖല : ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിതശേഷികൾ മുഴുവൻ കുട്ടികൾക്കും ഉറപ്പിക്കുക | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാൻ തക്ക ഗണിത ലാബ് സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ മാനേജ്മെന്റ് | 15000 | |
| 2. | അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന്. | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ തുടങ്ങിയവ) | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ | 2000 | |
| 3. | ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പു വരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |

മേഖല : അക്കാദമികം    ക്ലാസ് - 1,2,3,4    ഉപമേഖല : ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 4. | ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ പ്രവർത്തനങ്ങൾ നൽകുമ്പോൾ ചിന്തനാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | | |
| 5. | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ | | |

മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | വാർത്താവായന:- നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| | സംവാദം/ മുഖാമുഖം: സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ, എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടുകയും സർഗ്ഗാത്മകശേഷി വളർത്തലും. | ഇ-കമ്പ്യൂട്ടറിംഗ്: മുഴുവൻ കുട്ടികളെയും മലയാള കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് ഒന്ന് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ. ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം സ്വന്തമായ പദസമ്പത്ത് വളർത്താൻ പഠിതാക്കളെ പ്രാപ്തരാക്കൽ. | എന്റെ അവധിക്കാലം:- പഠിതാക്കൾ അവരുടെ അവധിക്കാലാനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി: അക്ഷരങ്ങളും, പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി വളർത്തുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ | |
| 2. പഠിതാക്കൾ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാർത്താലോകത്തേക്ക്: പത്രം, മാസികകൾ, ആഴ്ചപ്പതിപ്പ് എന്നിവ പഠിതാക്കൾ വായിക്കുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളുടെ ഭാഷാശേഷികളെ പരിപോഷിപ്പിക്കൽ | <u>രംഗാവിഷ്കാരം:</u> പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കൽ; തുടങ്ങിയവയ്ക്ക് അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും ലോകാരന്മാരെയും പങ്കെടുപ്പിച്ച് ഒന്ന് രണ്ട് ശിൽപ്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 2) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ്.എം. അവതരണമികവ്. | <u>സെന്റ് മേരീസ് എഫ്.എം.:</u> വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന വ്യക്തികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാ ദിവസവും. | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

മേഖല : യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുക | ഗണിത ശില്പശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് എന്നിവ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, അവിടെ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിതാധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | ഗണിതക്ലബ്ബ് പി.ടി.എ |
| 3. ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം എന്നുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് പഠിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 5. ഗണിത പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

Section : UP ENGLISH

| AIM | ACTIVITIES | DURATION | RESPONSIBILITY | EXPENSE |
|---|---|---|---|---|
| 1. To develop listening and speaking skills | Follow Me If You Can<br>Practising students to follow the instruction given by teacher in English | JUNE | English tr | |
| | Lend Your Ear<br>By playing simple and interesting audio clips and asking comprehensive questions and encouraging them to speak in English. | JULY | English tr | |
| | Treasure Hunt<br>Teacher hides certain things in different places and asks students to find it out. After finding the objects they have to describe about the object. | August | English tr | |

| Aim | Activities | Duration | Responsibility | Expense |
|---|---|---|---|---|
| | Breaking News<br>Giving chance to listen to English Radio news | October | English tr | |
| | One Man Show<br>Encouraging students for performance | November | English tr | |
| 2. Developing Reading Skills | I too Can<br>Different reading cards are given to read... from simple to complex | July | English tr | |
| | Reading ladder<br>Giving chance to read certain selected words from chart using a mirror. | September | English tr | |

| Aim | Activities | Duration | Responsibility | Expense |
|---|---|---|---|---|
| | FM Corner<br>Giving opportunity to perform Reader's theatre in Radio drama form. | Once in each term | English tr | |
| | Reader of the Month<br>Giving opportunity to read English newspaper and honouring Reader of the Month. | In each month | English tr. | |
| Enabling to write English without mistake | My Droplets<br>Preparing class magazine and dictionary | At the end of the year | English tr | |
| | Alert Zone → Placing Placards, Sign boards, Posters, Notices etc in school compound. | Day celebration | English tr | |

| Aim | Activities | Duration | Responsibility | Expense |
|---|---|---|---|---|
| | Run Baby Run<br>Divides the class into groups. Displays words in charts and asks student to read once and to write in another chart without making mistake. | February | English tr | |
| | Fun time Funda<br>Giving chance to prepare and present riddles, jokes and funny questions. | In all English classes | English tr | |
| ...veloping confidence ...se English | The Grand Camp<br>Arranging Camp with the help of those who are proficient and love English. Giving opportunity ~~for~~ | | | |

| | Activities | Duration | Responsibility | Expense |
|---|---|---|---|---|
| | to students of 5, 6, 7 to perform various English programmes. Story telling and writing for 5th std students, Role play for 6th Std and Recitation, Elocution for 7th std students can be given.<br>At the end of the camp Documentary or Film show can be there. | At the end of the year | English tr, PTA, Parents. | |

മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ എന്നിവ പരിശോധിക്കൽ അടിയുറപ്പിക്കൽ | അക്കാദമിക് ⇒ കമ്മിറ്റിയിൽ നിന്ന് ആഴ്ചത്തിലേക്ക് സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | വർഷാരംഭം ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | ഓർമച്ചെപ്പ്<br>അന്താരാഷ്ട്ര തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് Memory Test നടത്തുന്നു. | ജൂ " | " | |
| 2. പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| | വബോധം വളർത്തുന്നു | | | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം ആർജിപ്പെടുത്തുന്നു | വിദ്യാലയത്തിൽ നിന്ന് തെരഞ്ഞെടുത്ത് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതത്വം മനസ്സിലാക്കുന്നു. | വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| 4. പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം: നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുന്നു | [illegible] വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്ഥാപനതല വിലയിരുത്തൽ |
|---|---|---|---|---|
| 5. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നറുവെട്ടം<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6. വിവരവിനിമയ സങ്കേതങ്ങളുടെ ദുരുപയോഗങ്ങളെക്കുറിച്ചും അമിതമായ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും ബോധവാന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7. സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളേ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8. സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക്<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്നു, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടുന്ന രീതിയിലൂടെ ചോദ്യോത്തരവേളകൾ ക്വിസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | " |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8. സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ ഉന്നതനിലവാരത്തിലേക്ക് എത്തിക്കുന്നു | • പുതുചക്രവാളത്തിലേക്ക് സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തിനേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്നു. മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിർദ്ദേശിക്കാത്ത കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് അധ്യാപിക | സാമൂഹിക ശാസ്ത്ര ക്ലബ്ബ് |

മേഖല: യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്ന് ശാസ്ത്രപാഠങ്ങളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി- ജൈവവൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, പൂക്കൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഇക്കോ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹരിത ക്ലബ്ബ് | പി.ടി.എ |
| | കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹരിത ക്ലബ്ബ് | രക്ഷിതാക്കൾ |
| | പരീക്ഷണക്കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ആശയങ്ങൾ അവതരിപ്പിക്കുന്ന പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷ [illegible] ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | മാസ്റ്റർ മൈന്റ്<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ് ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | അധ്യാപകർ ഊർജ്ജ ക്ലബ്ബ് സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | |
| | എക്സ്പ്ലോ – എക്സ്പ്ലോർ<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പതി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | " | " | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടു-മായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4. പ്രതിഭാശാലി-കളായ വിദ്യാർത്ഥിക-ളിൽ ഗവേഷണോ-ത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| | 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യമല്ലാത്ത Fullerine പോലുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റു ത്രിമാന രൂപത്തിൽ കാണിച്ചു കൊടുക്കുന്ന ഇലക്ട്രോണിക്, റോബോട്ടിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

മേഖല : യു.പി. സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷാ ജ്ഞാനം<br>* അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷര കാർഡ്<br>* വാക്കുകൾ എഴുതിയ കാർഡ്<br>* ക്ലാസിൽ അക്ഷരമാല പ്രദർശനം<br>* അക്ഷരമാല കളികൾ<br>* അക്ഷരങ്ങൾ നിർമ്മിക്കൽ<br>* കാർഡുകൾ പ്രദർശനം<br>* പാട്ടുകളും കഥകളും കേൾപ്പിക്കുക<br>2. പറയാം പഠിക്കാം<br>* ചിത്രങ്ങളുടെ പേര് പറയൽ | ജൂൺ - ആഗസ്റ്റ് | അക്ഷരചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| | * ചിത്രകഥകൾ<br>* ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ ജൂലൈ | സംസ്കൃത കഥാപുസ്തകം ICT | റിസോഴ്സ് അധ്യാപിക |
| 2. വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ സാധ് വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക.) | * വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>* ICT സഹായത്തിലൂടെ വസ്തുക്കളും വാക്യങ്ങളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ ഒക്ടോബർ | സംസ്കൃത നിഘണ്ടു | |
| 3. വായനാലോകം കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | * തെരഞ്ഞെടുത്ത ചിത്രമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | - ഓരോ സംസ്കൃതം പീരീഡിലും ആദ്യത്തെ അഞ്ച് മിനിട്ടിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക<br>* വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>* കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത പഠനമേഖലകൾ | - ക്ലബ്ബ് രൂപീകരണം<br>- പഠനോപകരണ നിർമ്മാണം<br>- കലണ്ടർ നിർമ്മാണം<br>- ഗൃഹസന്ദർശനം<br>- പഠനയാത്ര | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അധ്യാപിക |
| 5. മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | - ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു | | | |

| | | | | |
|---|---|---|---|---|
| | - എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>- മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ്സ് റൂം | ടീച്ചേഴ്സ് രക്ഷാപിതാ |
| 6. ആസ്വാദന ലോകം<br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | - നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>- ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ<br>- മാസത്തിൽ ഒരു തവണ ആസ്വാദന സദ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സദയിൽ ആസ്വാദകർ ആകണം. | 5 മാസം | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ദൗത്യം | പിന്തുണ |
|---|---|---|---|---|
| 7. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | * പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>* പ്രത്യേകം ക്ലാസ്സുകൾ നൽകുന്നു.<br>* ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | റിസോഴ്സ് അധ്യാപിക |
| 8. ക്ലാസ്സ് റൂം ആകർഷകമാക്കുന്നതിന് | * പെയിന്റിംഗ്<br>* ലൈബ്രറി ഒരുക്കുന്നു.<br>* സൗന്ദര്യപ്രദമായ ചിത്രങ്ങൾ ഒരുക്കുന്നു. | | | |